LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വെളുമ്പന്റെ പരാതി

224 [374] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ തുറയൂർ തെക്ക് കല്ലേരി മുകളിൽ ശ്രീ. കെ. വെളുമ്പന് തന്റെ കൈവശാവകാശത്തിലും ഹോണ്ടത്തിലുമുള്ള 14 സെന്റ് പുതുവൽ ഭൂമി പതിച്ചുകൊടുത്തതിൽ മരങ്ങളുടെ വിലയായ 471 രൂപ 64 പൈസ ഈടാക്കിയതിനുശേഷവും 776 രൂപകൂടി കെട്ടിവയ്ക്കണമെന്ന് ആവശ്യപ്പെട്ടതിനെപ്പറ്റി ശ്രീ. കെ. വെളുമ്പൻ പരാതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) ഇങ്ങനെ വീണ്ടും രൂപ ഈടാക്കാൻ നടപടി സ്വീകരിച്ചതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഹരിജനായ ശ്രീ. കെ. വെളുമ്പന് രൂപ ഈടാക്കാതെ ഭൂമി പതിച്ചുകൊടുത്തത് റദ്ദാക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്തനംതിട്ട ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട പരാതി പരിശോധിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പരിശോധിച്ചുവരുന്നു.

വരൾച്ചബാധിച്ചിട്ടുള്ള വില്ലേജിലെ കൃഷിക്കാരുടെ പേരിലുള്ള ജപ്തി നടപടികൾ

225 [388] ശ്രീ. സി. വാസുദേവ മേനോൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ ഭൂരിപക്ഷം വില്ലേജുകളും വരൾച്ച ബാധിച്ചിട്ടുള്ളതിനാൽ കൃഷിക്കാരുടെ പേരിലുള്ള ജപ്തി നടപടികൾ നിറുത്തിവയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

പാലക്കാട് ജില്ലയിലെ 32 വില്ലേജുകളും ഇടുക്കി ജില്ലയിലെ 5 വില്ലേജുകളും വരൾച്ച ബാധിത പ്രദേശങ്ങളായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വില്ലേജുകളിലെ ചെറുകിട കർഷകരുടെ കൃഷി വായ്പകളിൻമേലും, സാമ്പത്തികമായി അവശത അനുഭവിക്കുന്നവരുടെ വികസന വായ്പ (Developmental Loans) കളിൻമേലും ഉള്ള വസൂലാക്കൽ നടപടികൾ അടുത്ത ആറുമാസത്തേക്ക് നിറുത്തിവയ്ക്കുന്നതിന് ഗവൺമെന്റ് ഉത്തരവാ ഇട്ടുണ്ട്.